**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജലത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മഞ്ഞപ്പിത്തം അടക്കമുള്ള ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കുന്നത് ഒഴിവാക്കാൻ ജലവിഭവ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളം ജലശുദ്ധീകരണ ശാലകൾ വഴി വിവിധ ഘട്ടങ്ങളിലൂടെയുള്ള ശുദ്ധീകരണ പ്രക്രിയകളും, ക്ലോറിനേഷനും നടത്തിയാണ് വിതരണം ചെയ്യുന്നത്. ജലസംഭരണികൾ നിശ്ചിത കാലയളവുകളിൽ കഴുകി വൃത്തിയാക്കിയും, ജലസംഭരണികളിൽ മണ്ണ്, ചളി എന്നിവ അടിഞ്ഞു കൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്തും ജലശുദ്ധീകരണശാലകളിൽ ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിച്ചും, സാധാരണയായി നടത്തുന്ന ക്ലോറിനേഷൻ കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തിയും, ജലജന്യ രോഗങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി നടപടികൾ എടുത്തു വരുന്നു.വിവിധ വിതരണ സ്ഥലങ്ങളിൽ നിന്ന് വെള്ളത്തിന്റെ സാംപിൾ ശേഖരിച്ച് വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിംഗ് ആയതിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്.<br><br>കേരള ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു.<br><br>പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ, വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാംപിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും പരിശോധനാ ഫലം വേണ്ട നിർദ്ദേശങ്ങളോടെ |

| | | | |
|---|---|---|---|
| | | | തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്തെ കേരള ജല അതോറിറ്റിയുടെ ജല സ്രോതസ്സുകളായ പ്രധാന നദികളിലെ വാട്ടർ സപ്ലൈ സ്കീമുകളുടെ ഇൻ ടേയ്ക്ക് പോയിന്റിനടുത്തുള്ള 121 ഓളം സാംപ്ലിങ് പോയിന്റുകളിൽ നിന്നും മാസംതോറും ജലം ശേഖരിച്ച് 14 ജില്ലകളിലെയും ജില്ലാ ലാബുകളിൽ ഇവയിലെ ഭൗതിക, രാസ, ജൈവികപരിശോധനകൾ നടത്തി വരുന്നുണ്ട്.<br><br>ജലനിധിയുടെ പദ്ധതികളിലെ കുടിവെള്ളം കാലാകാലങ്ങളിൽ സംസ്ഥാനത്തെ നിലവിലുള്ള അക്രഡിറ്റഡ് ഗുണ നിലവാര പരിശോധനാ ലാബുകളിൽ കൊടുത്ത് പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കി മാത്രമേ വിതരണം ചെയ്യാവൂ എന്ന് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്.<br><br>ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂജലാധിഷ്ഠിത ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുടെ ഭൂജലത്തിന്റെ ഗുണ നിലവാരം 3 റീജിയണൽ ലാബുകൾ മുഖേന ഉറപ്പ് വരുത്തി ഉപഭോക്തൃ സമിതികൾക്ക് കൈമാറി വരുന്നു. ജലഗുണനിലവാര ശോഷണം ഉള്ള പദ്ധതികളിൽ ജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ളത്തിന്റെ ഗുണ നിലവാരം BIS സ്റ്റാൻഡേർഡിന്റെ പരിധിക്കുള്ളിൽ ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ ഗാർഹിക, വ്യാവസായിക, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാകുന്ന ഭൂജല സാമ്പിളുകളിൽ പരിശോധന നടത്തി ലാബുകൾ മുഖേന റിപ്പോർട്ട് നൽകി വരുന്നു. |
| (ബി) | ജലവിഭവ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്താൻ എന്തൊക്കെ ഗുണനിലവാര പരിശോധനകൾ നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ; | (ബി) | വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളം ജലശുദ്ധീകരണ ശാലകൾ വഴി വിവിധ ഘട്ടങ്ങളിലൂടെയുള്ള ശുദ്ധീകരണ പ്രക്രിയകളും, ക്ലോറിനേഷനും നടത്തിയാണ് വിതരണം ചെയ്യുന്നത്. ജലസംഭരണികൾ നിശ്ചിത കാലയളവുകളിൽ കഴുകി വൃത്തിയാക്കിയും, ജലസംഭരണികളിൽ മണ്ണ്, ചളി എന്നിവ അടിഞ്ഞു കൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്തും ജലശുദ്ധീകരണശാലകളിൽ ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിച്ചും, സാധാരണയായി നടത്തുന്ന ക്ലോറിനേഷൻ കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തിയും, ജലജന്യ രോഗങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി നടപടികൾ എടുത്തു വരുന്നു.വിവിധ വിതരണ സ്ഥലങ്ങളിൽ നിന്ന് വെള്ളത്തിന്റെ സാംപിൾ |

| | | | |
|---|---|---|---|
| | | | ശേഖരിച്ച് വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിംഗ് ആയതിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്.<br><br>കേരള ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പ വരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു.<br><br>പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ, വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാംപിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും പരിശോധനാ ഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്തെ കേരള ജല അതോറിറ്റിയുടെ ജല സ്രോതസ്സുകളായ പ്രധാന നദികളിലെ വാട്ടർ സപ്ലൈ സ്കീമുകളുടെ ഇൻ ടേയ്ക്ക് പോയിന്റിനടുത്തുള്ള 121 ഓളം സാംപ്ലിങ് പോയിന്റുകളിൽ നിന്നും മാസംതോറും ജലം ശേഖരിച്ച് 14 ജില്ലകളിലെയും ജില്ലാ ലാബുകളിൽ ഇവയിലെ ഭൗതിക, രാസ, ജൈവികപരിശോധനകൾ നടത്തി വരുന്നുണ്ട്.<br><br>ജലനിധിയുടെ പദ്ധതികളിലെ കുടിവെള്ളം കാലാകാലങ്ങളിൽ സംസ്ഥാനത്തെ നിലവിലുള്ള അക്രഡിറ്റഡ് ഗുണ നിലവാര പരിശോധനാ ലാബുകളിൽ കൊടുത്ത് പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കി മാത്രമേ വിതരണം ചെയ്യാവൂ എന്ന് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്.<br><br>ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂജലാധിഷ്ഠിത ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുടെ ഭൂജലത്തിന്റെ ഗുണ നിലവാരം 3 റീജിയണൽ ലാബുകൾ മുഖേന ഉറപ്പ വരുത്തി ഉപഭോക്തൃ സമിതികൾക്ക് കൈമാറി വരുന്നു. ജലഗുണനിലവാര ശോഷണം ഉള്ള പദ്ധതികളിൽ ജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ചു കുടിവെള്ളത്തിന്റെ ഗുണ നിലവാരം BIS സ്റ്റാൻഡേർഡിന്റെ പരിധിക്കുള്ളിൽ ഉറപ്പ വരുത്തുന്നുണ്ട്. കൂടാതെ ഗാർഹിക, വ്യാവസായിക, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാകുന്ന ഭൂജല സാമ്പിളുകളിൽ പരിശോധന നടത്തി ലാബുകൾ മുഖേന റിപ്പോർട്ട് നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | മഞ്ഞപ്പിത്തം കൂടുതലായുള്ള പ്രദേശത്തെ കടിവെള്ള സ്രോതസുകളിൽ ജല വിഭവ വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളം ജലശുദ്ധീകരണ ശാലകൾ വഴി വിവിധ ഘട്ടങ്ങളിലൂടെയുള്ള ശുദ്ധീകരണ പ്രക്രിയകളും, ക്ലോറിനേഷനും നടത്തിയാണ് വിതരണം ചെയ്യുന്നത്. ജലസംഭരണികൾ നിശ്ചിത കാലയളവുകളിൽ കഴുകി വൃത്തിയാക്കിയും, ജലസംഭരണികളിൽ മണ്ണ്, ചളി എന്നിവ അടിഞ്ഞു കൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്തും ജലശുദ്ധീകരണശാലകളിൽ ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിച്ചും, സാധാരണയായി നടത്തുന്ന ക്ലോറിനേഷൻ കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തിയും, ജലജന്യ രോഗങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി നടപടികൾ എടുത്തു വരുന്നു.വിവിധ വിതരണ സ്ഥലങ്ങളിൽ നിന്ന് വെള്ളത്തിന്റെ സാംപിൾ ശേഖരിച്ച് വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിംഗ് ആയതിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താറുണ്ട്.<br><br>കേരള ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു.<br><br>പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ, വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാംപിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും പരിശോധനാ ഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു.<br><br>സംസ്ഥാനത്തെ കേരള ജല അതോറിറ്റിയുടെ ജല സ്രോതസ്സുകളായ പ്രധാന നദികളിലെ വാട്ടർ സപ്ലൈ സ്കീമുകളുടെ ഇൻ ടേയ്ക്ക് പോയിന്റിനടുത്തുള്ള 121 ഓളം സാംപ്ലിങ് പോയിന്റുകളിൽ നിന്നും മാസംതോറും ജലം ശേഖരിച്ച് 14 ജില്ലകളിലെയും ജില്ലാ ലാബുകളിൽ ഇവയിലെ ഭൗതിക, രാസ, ജൈവികപരിശോധനകൾ നടത്തി വരുന്നുണ്ട്.<br><br>ജലനിധിയുടെ പദ്ധതികളിലെ കുടിവെള്ളം കാലാകാലങ്ങളിൽ സംസ്ഥാനത്തെ നിലവിലുള്ള അക്രഡിറ്റഡ് ഗുണ നിലവാര പരിശോധനാ ലാബുകളിൽ കൊടുത്ത് പരിശോധിച്ച് ഗുണനിലവാരം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കി മാത്രമേ വിതരണം ചെയ്യാവൂ എന്ന് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്.<br><br>ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂജലാധിഷ്ഠിത ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുടെ ഭൂജലത്തിന്റെ ഗുണ നിലവാരം 3 റീജിയണൽ ലാബുകൾ മുഖേന ഉറപ്പ് വരുത്തി ഉപഭോക്തൃ സമിതികൾക്ക് കൈമാറി വരുന്നു. ജലഗുണനിലവാര ശോഷണം ഉള്ള പദ്ധതികളിൽ ജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ചു കുടിവെള്ളത്തിന്റെ ഗുണ നിലവാരം BIS സ്റ്റാൻഡേർഡിന്റെ പരിധിക്കുള്ളിൽ ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ ഗാർഹിക, വ്യാവസായിക, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാകുന്ന ഭൂജല സാമ്പിളുകളിൽ പരിശോധന നടത്തി ലാബുകൾ മുഖേന റിപ്പോർട്ട് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ